# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 653 — 12.06.2013-ൽ മറുപടിക്ക്

### പുതിയ പി.എച്ച്.സി.കൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ബി. സത്യൻ : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ആരോഗ്യ കുടുംബക്ഷേമ വകുപ്പ് 04.09.12-ൽ ഇറക്കിയ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പുതിയതായി തുടങ്ങുവാൻ തീരുമാനിച്ചിരുന്ന 24 പി. എച്ച്.സി.കളിൽ എത്ര പി.എച്ച്.സി. കൾ പ്രവർത്തനം ആരംഭിച്ചുവെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ ; | (എ) | 04.09.2012 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 287/2012/ആ.ക.വ. പ്രകാരം 11 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും തിരുവനന്തപുരം നഗരസഭയിലുള്ള ജഗതിയിൽ ഒരു ഗവൺമെന്റ് ഡിസ്പെൻസറിയും ആരംഭിക്കുന്നതിനാണ് അനുവദിച്ച് ഉത്തരവായിരിക്കുന്നത്. ഇവയിൽ താഴെ പറയുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.<br><br>1. പെരിനാട്, കൊല്ലം - 28.04.2013 മുതൽ<br>2. മണർകോട്, കോട്ടയം - 22.03.2013 മുതൽ<br>3. കോരിത്തോട്, കോട്ടയം - 07.01.2013 മുതൽ |
| (ബി) ഈ ഉത്തരവ് പ്രകാരം നഗരൂർ ഗ്രാമപഞ്ചായത്തിന് അനുവദിച്ചിട്ടുള്ള പി.എച്ച്.സി. എന്നത്തേക്ക് പ്രവർത്തനമാരംഭിക്കാനാണ് തീരുമാനിച്ചിട്ടുള്ളത് എന്നും ഇതിനു വേണ്ട നടപടി ക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ ; | (ബി) | 04.09.2012 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 287/2012/ആ.ക.വ. പ്രകാരം നഗരൂർ ഗ്രാമപഞ്ചായത്തിന് പി.എച്ച്.സി. അനുവദിച്ചിട്ടില്ല.<br><br>എന്നാൽ 2013-14 -ൽ ആരംഭിക്കാനുദ്ദേശിക്കുന്ന പി.എച്ച്.സി. കളുടെ കൂട്ടത്തിൽ നഗരൂർ ഗ്രാമപഞ്ചായത്തും ഉൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ